**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 44** **07-10-2024 - ൽ മറുപടിയ്ക്ക്**

**മലിനീകരണ നിയന്ത്രണ ബോർഡിലെ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ നിന്ന് തരംതാഴ്ത്തിയത് ഉൾപ്പെടെ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ഓരോ ഒഴിവും നിലവിൽ വന്ന തീയതി വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ 9 ഒഴിവുകളുണ്ട്. അവ നിലവിൽ വന്ന തീയതികൾ ചുവടെ ചേർക്കുന്നു<br>21.06.2024 - 1<br>22.06.2024 - 1<br>24.06.2024 - 3<br>26.06.2024 - 2<br>01.07.2024 - 1<br>12.07.2024 - 1 |
| (ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി. മുഖേനയുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള 9 ഒഴിവുകളും പി.എസ്.സി മുഖേന നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഒഴിവുകൾ നിലവിൽ വന്ന് മാസങ്ങൾ പിന്നിട്ടിട്ടും റിപ്പോർട്ട് ചെയ്യാത്ത മലിനീകരണ നിയന്ത്രണ ബോർഡിന്റെ നടപടി സംബന്ധിച്ച് പി.&എ.ആർ.ഡി. വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | പി & എ.ആർ.ഡി. വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല. |
| (ഡി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തിയതായി ആരോപിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ; വിശദാംശം നൽകുമോ; | (ഡി) | നിലവിലെ എല്ലാ ഒഴിവുകളും പി.എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ 45 ഒഴിവുകളിലേക്കുള്ള നിയമനത്തിനായി ഒഴിവുകൾ | (ഇ) | ബൈട്രാൻസ്ഫർ നിയമനത്തിനായി 30 അംഗീകൃത തസ്തികകളിൽ നിന്നും 4:1 അനുപാതത്തിൽ |

| | | | |
|---|---|---|---|
| | പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത സമയത്ത് പ്രസ്തുത തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിന് അപേക്ഷ സമർപ്പിക്കുവാൻ യോഗ്യതയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥർ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർവീസിൽ ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ? | | തസ്തികകൾ മാറ്റിവച്ച്, പി.എസ്.സി യിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനത്തിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി വിജ്ഞാപനം നടത്തി ആ വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗസ്ഥരില്ല എന്ന് റിപ്പോർട്ട് ചെയ്താൽ മാത്രമേ ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായ ഉദ്യോഗസ്ഥരില്ല എന്ന് സ്ഥിരീകരിക്കുവാൻ സാധിക്കുകയുള്ളൂ. ബോർഡ് അത്തരത്തിലൊരു നടപടി അന്ന് സ്വീകരിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ